**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3444 — 14/03/2017-ൽ മറുപടിക്ക്

# പരിസ്ഥിതി ലോല പ്രദേശത്തിന്റെ പുതുക്കിയ കരട് വിജ്ഞാപനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, സി. കെ. ശശീന്ദ്രൻ<br>,, എസ്.രാജേന്ദ്രൻ<br>,, ജോർജ്ജ് എം. തോമസ് | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി ലോല പ്രദേശത്തിന്റെ പുതുക്കിയ കരട് വിജ്ഞാപനത്തിന്റെ കാലാവധി അവസാനിക്കുന്നതെന്നാണെന്ന് അറിയിക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ 27/02/2017 ലെ പുതുക്കിയ കരട് വിജ്ഞാപനത്തിൽ കാലാവധി അവസാനിക്കുന്ന തീയതി രേഖപ്പെടുത്തിയിട്ടില്ലെങ്കിലും Environment Protection Rules 86 പ്രകാരം കരട് വിജ്ഞാപനം ഇറക്കുന്ന ദിവസം മുതൽ 540 ദിവസം വരെയാണ് കാലാവധി. |
| (ബി) | കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള 123 വില്ലേജുകളിലെ ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കി കിട്ടാനായി മുൻ സർക്കാർ നടത്തിയ ഇടപെടൽ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ; | (ബി) | 12.10.2013 ലെ സർവകക്ഷിയോഗത്തിലെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കേരളത്തിലെ ജനവാസ കേന്ദ്രങ്ങളെ ഇ.എസ്.എ.യിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമൂലവും മറ്റും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാനും അദ്ധ്യക്ഷനുമായ ശ്രീ. ഉമ്മൻ.വി. ഉമ്മന്റെ നേതൃത്വത്തിൽ ഒരു മൂന്നംഗ വിദഗ്ദ്ധ സമിതിയെ 29.10.2013 ലെ സ.ഉ.(സാധാ) നം. 162/13/പരി. പ്രകാരം മുൻ സർക്കാർ നിയമിച്ചു. കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള 123 വില്ലേജുകളിലെ ജനവാസകേന്ദ്രങ്ങളെയും, കൃഷിസ്ഥലങ്ങളെയും പൂർണ്ണമായും ഇ.എസ്.എ. യിൽ നിന്ന് ഒഴിവാക്കണമെന്നും സംസ്ഥാന സർക്കാരിന്റെ കസ്തൂരിരംഗൻ റിപ്പോർട്ടിന്മേലുള്ള |